# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6005** — **07-07-2014 ൽ മറുപടിയ്ക്ക്**

### റാണിചിത്തിര കായൽ പാടശേഖരങ്ങൾ

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കൃഷിയില്ലാതെ കിടക്കുന്ന റാണിചിത്തിര കായൽ പാടശേഖരങ്ങളിൽ വീണ്ടും കൃഷി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടനാട് താലൂക്കിൽപ്പെട്ട കൈനകരി പഞ്ചായത്തിലെ 1000 ത്തോളം കർഷകരുള്ളതും 500 ഹെക്ടറോളം വിസ്തീർണ്ണമുള്ളതുമായ റാണി, ചിത്തിര പാടശേഖരങ്ങൾ കഴിഞ്ഞ 20 വർഷമായി ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവിടെ കൃഷിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കൃഷി നഷ്ടത്തിലായിരുന്നു. എന്നാൽ 2014-2015 വർഷം ഈ പ്രദേശത്ത് നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 7,60,32,450 രൂപയുടെ പദ്ധതി തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27/05/2014 ന് യോഗം കൂടുകയും റാണി-ചിത്തിര കായലിൽ നെൽകൃഷി പുനരുദ്ധാരണം തത്വത്തിൽ അംഗീകരിക്കുകയും അതിന് ശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ സ്ഥല ഉടമകളുടെയും യോഗം നടത്തുകയും ചെയ്യുകയുണ്ടായി. ഇതിൽ 500 ഓളം കർഷകർ പങ്കെടുക്കുകയും പാടശേഖര സമിതി രൂപീകരിച്ച് ആയതിന്റെ രജിസ്ട്രേഷനുള്ള നടപടികൾ പുരോഗമിക്കുന്നുമുണ്ട്. നിലവിൽ റാണി കായൽ പുറംബണ്ട് (6862 മീറ്റർ) ന്റെ പണി കുട്ടനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചിത്തിര കായലിന്റെ പുറം ബണ്ടിന്റെ പണികൾ ഇനിയും ചില ഭാഗങ്ങളിൽ പൂർത്തിയാകേണ്ട തുണ്ട്. കായൽ ലെവലിംഗ്, വൈദ്യുതീകരണം, ഡീവാട്ടറിംഗ് എന്നീ പണികൾ പൂർത്തിയായാൽ മാത്രമേ കൃഷി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സ്ലൂയിസ്, പ്ലാറ്റ് ഫോം, എഞ്ചിൻതറ, വാച്ചാൽ, പെട്ടി, പറ എന്നിവയുടെ പണി പമ്പിംഗ് തുടങ്ങുന്നതിന് മുമ്പ് പൂർത്തിയാകേണ്ടതുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാടശേഖര ങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ | (ബി) | റാണി, ചിത്തിര കായൽ പാടശേഖരങ്ങളിൽ വൈദ്യുതീകരണത്തിനാവശ്യമായ പതിനൊന്ന് കെ.വി. ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും മറ്റുമായി 90,61,509 (തൊണ്ണൂറ് ലക്ഷത്തി അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി ഒൻപത് രൂപ) രൂപ കെ.എസ്.ഇ.ബി യ്ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ